പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5168 05.07.2012 ൽ മറുപടിയ്ക്ക്

പൂജപ്പുര മേജർ സെക്ഷന്റെ പരിധിയിൽപ്പെടുന്നവരുടെ ബുദ്ധിമുട്ടുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) നേമം മണ്ഡലത്തിലെ പൂജപ്പുര മേജർ സെക്ഷന്റെ പരിധിയിൽ അനുവദനീയമായതിന്റെ ഇരട്ടിയിലധികം ഉപഭോക്താക്കൾ ഉള്ളതിനാൽ പൊതുജനങ്ങൾ, ഉപഭോക്താക്കൾ, വൈദ്യുതി ബോർഡ് ജീവനക്കാർ എന്നിവർക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കൽ, തകരാറു തീർക്കൽ, വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷിക്കൽ തുടങ്ങിയവയ്ക്കായി വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ? | (എ) & (ബി) | പൂജപ്പുര സെക്ഷന്റെ പരിധിയിൽ 23,152 ഉപഭോക്താക്കളാണുള്ളത്. നഗരത്തിലെ മറ്റ് സെക്ഷനുകളെ അപേക്ഷിച്ച് പൂജപ്പുര സെക്ഷന്റെ വിസ്തൃതി കൂടുതലാണ്. എന്നാൽ സെക്ഷനുകൾ വിഭജിക്കുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡത്തിൽ പൂജപ്പുര സെക്ഷൻ ഉൾപ്പെടുന്നില്ല. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്ന സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ സെക്ഷനിൽ നിലവിലുള്ള ജീവനക്കാരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ